(സി) ഈ പണിമുടക്കം മദ്ധ്യസ്ഥമാക്കിത്തീർക്കുവാൻ ലേബർ ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥന്മാർ ഇടപെട്ടിരുന്നുവോ ; ഉണ്ടെങ്കിൽ ഫലമെന്തു് ;

(ഡി) ഈ തൊഴിൽമുടക്കം തീരാതിരിക്കുവാൻ എന്താണു് കാരണം ;

(ഇ) ഈ പണിമുടക്കം തീർക്കുവാൻ ഗവണ്മെന്റു് അടിയന്തിര നടപടികൾ എടുക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 46 ദിവസമായി.

(ബി) 1962–63–ലെ ബോണസ്സു് പ്രതിവർഷവർദ്ധനവു്, 10 ശതമാനം ശമ്പളവർദ്ധനവു് എന്നിവയായിരുന്നു തൊഴിലാളികളുടെ ഡിമാന്റു്.

(സി) കണ്ണൂർ അസിസ്റ്റന്റു് ലേബർ ആഫീസർ, കണ്ണൂർ ഡിസ്ട്രിക്റ്റു് ലേബർ ആഫീസർ, കോഴിക്കോട്ടു് ഡെപ്യൂട്ടി ലേബർ കമ്മീഷണർ എന്നിവരിടപെട്ടു് തർക്കം അവസാനിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. തർക്കം അവസാനിച്ചിട്ടില്ല.

(ഡി) ഉഭയകക്ഷികളുടെ അഭിപ്രായവ്യത്യാസമാണു് തൊഴിൽതർക്കം തീരാതിരിക്കുവാൻ കാരണം.

(ഇ) ഈ പണിമുടക്കം തീർക്കുവാൻ ഗവണ്മെന്റു് വേണ്ട നടപടികൾ എടുത്തുവരുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : നാൽപത്തിയാറു ദിവസം പണിമുടക്കു നടത്തിയിട്ടു നാൽപത്തിയാറുമത്തെ ദിവസം അവിടെ പോലീസു് ബലം പ്രയോഗിച്ചു് അവരെ പിടിച്ചു പുറത്താക്കുകയാണു് ചെയ്തിട്ടുള്ളതു്, അതുവരെ മാനേജുമെന്റു് ഒരുവിധത്തിലും ഗവണ്മെന്റുമായി കാര്യങ്ങൾ സംസാരിച്ചു് തീരുമാനിക്കുന്നതിനു പരിശ്രമം നടത്തിട്ടില്ലാ എന്നാണോ. ഈ നാൽപത്തിയാറു ദിവസം പണിമുടക്കിയിട്ടും ഗവണ്മെന്റിനു മാനേജുമെന്റുമായി അനുരഞ്ജന നടപടികൾ നടത്താൻ കഴിവില്ലാതെപോയതു എന്തുകൊണ്ടാണു് ?

ശ്രീ. കെ. ടി അച്യുതൻ : ഗവണ്മെന്റിന്റെ കഴിവിനു ഒരു കുറവുമില്ല. ഗവണ്മെന്റു് അതിനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ടു്. ഈ കഴിഞ്ഞ 9–ാം തീയതിവരെ ഈ പ്രസ്സിനകത്തുതന്നെ തൊഴിലാളികൾ തമ്മമായിരുന്നു. അതിനുശേഷം അവർ പുറത്തുപോകണം എന്നു പറഞ്ഞപ്പോൾ സ്വാഭാവികമായും അവർ മാറുകയാണുണ്ടായതു്. തർക്കം അവസാനിപ്പിക്കുന്നതിനു ഉടമയുമായി സംസാരിച്ചതിൽ അവർ പറഞ്ഞതു് അവടെ സ്ഥിതിഗതികൾ അല്പം ശാന്തമാകണം എന്നാണു്. അതിനുശേഷം അങ്ങനെ ഇരുകക്ഷികളും തമ്മിൽ ഉള്ള പെരുമാറ്റത്തിൽ അല്പം പിരിമുറുക്കം കുറയ്ക്കുകൊണ്ടു അതു അല്പം മയപ്പെടട്ടെ എന്നു കരുതി. അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ലെന്നുണ്ടെങ്കിൽ അതു റെഫർ ചെയ്യാൻ പോകുകയാണു്. അതു ചെയ്തുകഴിഞ്ഞുപിന്നെ നടപടികൾ എടുക്കാം.

വിദ്യാർത്ഥിയെ മീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ്തതായി പരാതി.

* 903. [42] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ എഡ്യുക്കേഷൻ ഡിസ്ട്രിക്റ്റിന്റെ കീഴിലുള്ള കുവപ്പടി ഗണപതിവിലാസം ഹൈസ്കൂളിലെ മി. കെ. വാസുദേവൻ എന്ന വിദ്യാർത്ഥിയെ 7–11–1963–ൽ നെടുംകണ്ടത്തിൽ ഔസേഫു് അബ്രഹാം എന്നൊരാൾ മീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ്തതായി ഒരു പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി അഭ്യുദയകാംക്ഷി സ്കൂളിൽ കയറി അദ്ധ്യാപകന്മാരെയും മറ്റും ഭീഷണിപ്പെടുത്തുകയുണ്ടായോ ;

(സി) ഈ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി) ഉണ്ടായി.

(സി) പോലീസ് ഒരു കേസ് രജിസ്റ്റർചെയ്ത നടപടി എടുത്തു വരുന്നുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : വളരെ അധികം കേസുകളിൽ പ്രതിയായിട്ടുള്ള ഒരാളാണ് ഈ സ്കൂൾവളപ്പിൽ കടന്ന അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഭീഷണിപ്പെടുത്തിയതെന്ന പരാതിയുണ്ടായിട്ടുണ്ടോ. അങ്ങനെ വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും ഭീഷണിപ്പെടുത്തിയതിനു എന്തെങ്കിലും ഉടനടി തമായ നടപടിയെടുക്കാൻ ഭയമുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : പോലീസ് ഉടനടിതമായിട്ടുള്ള നടപടികളെടുക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

റയൺസ് കമ്പനിയിലെ ലേ ആഫ്

* 904. [45] ഡാ: കെ. എം. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ റയൺസ് കമ്പനിയിൽ ലേ ആഫ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇതുമൂലം എത്രപേർ തൊഴിൽ ചെയ്യാതെ പുറത്തു നില്ക്കുന്നുണ്ട് ;

(സി) ലേ ആഫിനു് എന്താണു് കാരണം ;

(ഡി) ഏതൊക്കെ വിഭാഗത്തിലാണ് ലേ ആഫ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഇ) ഈ പ്രശ്നം പരിഹരിക്കുന്നതിനു് ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചു ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഉണ്ട്.

(ബി) 442 പേർ.

(സി) റെയാൺ നൂലിന്റെ സ്റ്റോക്ക് പരിമിതമായ തോതിൽ കെട്ടിക്കിടക്കുന്നതാണ് കാരണം.

(ഡി) സ്പിന്നിംഗ് വിഭാഗത്തിലും അതിനോടനുബന്ധിച്ചു വിഭാഗങ്ങളിലും.

(ഇ) കമ്പനിയുടമയും തൊഴിലാളിയൂണിയനുകളും നേരിട്ടു സംഭാഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സംഭാഷണം പരാജയപ്പെടുകയാണെങ്കിൽ ഡിപ്പാർട്ടുമെന്റു് ഇടപെട്ടു് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly